നമ്മുടെ കൂട്ടായ്മയുടെ ആരംഭം മുതൽ വളർച്ചയുടെ നാഴികക്കല്ലുകളോരൊന്നു താണ്ടുമ്പോഴും നൃത്ത ശോഭ പകർന്നു കൊണ്ട് ഒപ്പം ചേരുന്ന ഒരു ബാങ്കറുടെ വിശേഷങ്ങളുമായി വനിതാ ദിനത്തിൽ സാദരം, ഈ ദളം സമർപ്പിക്കുന്നു.

ഗീതാബി യെന്ന് സുഹൃദ്സംഘം സ്നേഹപൂർവം മനസ്സിലേറ്റിയ,

ഗീത. ബി
(ഗീതാ സുധീർ)
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
കൊച്ചി Infopark ബ്രാഞ്ച്.

പരേതരായ വി. കെ.ഭാസ്കരൻ- ആനിയമ്മ ദമ്പതികളുടെ മകൾ.

പിതാവ് പൊതുമരാമത്ത് വകുപ്പിലും
മാതാവ് പോസ്റ്റ് മിസ്ട്രസുമായി സേവനരംഗത്ത് നിറഞ്ഞു നിന്നവർ.
സഹോദരൻ, ഡോ.അജയ്കുമാർ (വെറ്റനറി സർജൻ).

ഇടുക്കി ജില്ലയിലെ പീരുമേട്ടിലായിരുന്ന സമയത്ത് മൂന്ന്-മൂന്നര വയസ്സുള്ളപ്പോൾ തന്നിലെ നൃത്തചാതുരി കണ്ടെത്തി പരിപോഷിപ്പിച്ച മാതാപിതാക്കളുടെ സ്മരണക്കു മുന്നിൽ സ്നേഹാഞ്ലിയുമായി ഗീത സംഭാഷണം തുടർന്നു-

നൃത്തഗുരുക്കളായ കുടമാളൂർ അപ്പുക്കുട്ടൻ നായർ, ചെല്ലപ്പൻ ഭവാനി (കേരള നടനം), കലാമണ്ഡലം ദേവകി അന്തർജനം എന്നിവരുടെ ശിക്ഷണം ലഭിച്ചു. മാതാപിതാക്കളുടെ ട്രാൻസ്ഫർ കാരണം ഇടക്കിടക്ക് മുടങ്ങിപ്പോയ നൃത്തപഠനം വിവാഹശേഷം പുനരാരംഭിക്കാൻ കഴിഞ്ഞത് ഭാഗ്യമായി. ഗുരുക്കൾ കലാമണ്ഡലം സുഗന്ധി, ലീനാ വിശ്വംഭരൻ, എന്നിവരുടെ കീഴിൽ പഠനം തുടർന്നു. ശ്രീമതി രാജി ഡിജുവിന്റെ ശിക്ഷണത്തിൽ നൃത്ത വിദ്യാർത്ഥിയാണ് താനിന്നും എന്ന് അഭിമാനപൂർവം തന്റെ കലാസപര്യയുടെ വിശേഷങ്ങൾ ഗീത പങ്കു വയ്ക്കുന്നു.

മഹിളാ വിദ്യാഭ്യാസത്തിനായി രൂപം കൊണ്ട ആദ്യ സ്കൂളെന്ന ഖ്യാതി നേടിയ കോട്ടയം ബേക്കർ മെമ്മോറിയൽ ഗേൾസ് ഹൈസ്ക്കൂളിലും, രാജ്യത്തെ ആദ്യ കോളേജെന്ന പ്രശസ്തി നേടിയ കോട്ടയം സി.എം.എസ്സ് കോളേജിലുമായിരുന്നു, ഗീതയുടെ പഠനം.

ബോട്ടണിയായിരുന്നു, ഐശ്ചിക വിഷയം. വിദ്യാഭ്യാസകാലത്ത് തന്റെ വിദ്യാലയങ്ങളൊരുക്കിയ വിവിധ നൃത്ത പരിപാടികളുടെ ഭാഗമായി മാറുവാൻ കഴിഞ്ഞതിന്റെ ത്രിൽ സംഭാഷണത്തിൽ നിറഞ്ഞു.

മത്സരങ്ങളെക്കാളുപരി പങ്കെടുക്കലും സഹതാരങ്ങളെ പ്രോത്സാഹിപ്പിക്കുകയുമാണ് അന്നേയുള്ള തന്റെ രീതി എന്ന് ഗീത മനസ്സു തുറക്കുന്നു.

1991 ൽ സ്റ്റേറ്റ് ബാങ്ക് റിക്രൂട്ട്മെന്റ് പരീക്ഷയിലൂടെ, താനേറെ ആഗ്രഹിച്ച ബാങ്കർ ജോലി സ്വായത്തമാക്കുവാൻ കഴിഞ്ഞു. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ഇടയരിക്കപ്പുഴ ബ്രാഞ്ചിലായിരുന്നു ആദ്യ നിയമനം. തുടർന്ന്, മാങ്ങാനം, കോട്ടയം, എസ്.എം.ഇ കളമശ്ശേരി, ഇടപ്പള്ളി, കാക്കനാട് സിവിൽ സ്റ്റേഷൻ, NPOL തൃക്കാക്കര എന്നിവിടങ്ങളിലെ സേവനശേഷം ഇപ്പോൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കൊച്ചി Infopark ബ്രാഞ്ചിൽ ക്യാഷ്- ഇൻ- ചാർജ് ആയി സേവനം തുടരുന്നു.

ബാങ്ക് ഓഫീസേഴ്സായിരുന്ന രണ്ട് അമ്മാവന്മാരുടെ സ്വാധീനം കാരണമാകാം ബാങ്കിംഗ് സർവീസ് തന്റെ ബാല്യകാല സ്വപ്നം കൂടിയായിരുന്നു.

ഇഷ്ട പ്രൊഫഷനിൽ നിന്നു തന്നെ ജീവിതസഖാവിനെയും വരിച്ചു. ശ്രീ ആർ. സുധീർ ദാസ് ഇപ്പോൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അമരാവതി സർക്കിൾ ഇൻസ്പെക്ഷൻ ഡിപ്പാർട്ട്മെന്റിൽ അസിസ്റ്റന്റ് ജനറൽ മാനേജർ ആയി പ്രവർത്തിക്കുന്നു.

SBT യുടെയും മെർജറിനു ശേഷം SBI യുടെയും രാജ്യത്തെ പ്രമുഖ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുവാൻ അവസരം ലഭിച്ചിട്ടുള്ള ശ്രീ. സുധീർ ദാസ് ഈ ലേഖനം തയ്യാറാക്കുന്ന വേളയിൽ അയച്ചു തന്ന സന്ദേശത്തിൽ നിന്ന്-

''ഇന്ന് ലോകമെങ്ങും ശ്രദ്ധ നേടുന്ന വിഷയമാണ് work-life balancing എന്നത്. സഹധർമ്മിണി ശ്രീമതി ഗീതയുടെ ശ്രദ്ധാപൂർവമായ ഇടപെടലുകളും ജീവിത വീക്ഷണവും കരുതലും കലാവൈഭവവും എന്റെ ബാങ്കിംഗ് ജീവിതത്തിൽ ഏറെ തുണയാകുന്നു''.

AISSCE 12th ഗ്രേഡ് ടോപ്പർ ആയി സൈക്കോളജിയിൽ നൂറുശതമാനം മാർക്കും സ്കോളർഷിപ്പും നേടി അതേ വിഷയത്തിൽ ഉപരി പഠനത്തിനു തയ്യാറെടുക്കുന്ന സായന്തനാ സുധീർ ആണ് ഗീത -സുധീർ ദമ്പതികളുടെ കൺമണി.

''അച്ഛനും അമ്മയും എനിക്കു പകർന്നു തന്ന കലാകൗതുകം കൈമാറാതെ ഞാനെങ്ങിനെ! നൃത്തവും വരയും കീ ബോർഡ് പഠനവുമായി അവളുടെ വഴിയേ കൈപിടിച്ച് നടക്കുമ്പോൾ ഞാനും അവളോടൊപ്പം വളരുന്നു, സ്വായത്തമാക്കിയ നൃത്തപാഠങ്ങൾ കൊണ്ട് വീട്ടിൽ ഞാൻ അവൾക്കായി നൃത്തം ചെയ്തു, വരയും പെയിന്റിംഗും അവൾ സ്വയം കണ്ടെത്തി കരഗതമാക്കി. സംഗീത-ഭ്രമം കീ

ബോർഡിലൂടെ കാഴ്ചയായപ്പോൾ അതിലെ മികച്ച ഗുരുവിനെ തന്നെ കണ്ടെത്തി- പ്രശസ്ത കീ ബോർഡിസ്റ്റ് ശ്രീ ജോയ് മാസ്റ്റർ (ഗായിക മിൻമിനിയുടെ ഭർത്താവ്) നല്കിയ ശിക്ഷണം കൊണ്ട് അവൾ ലണ്ടൻ സ്കൂൾ ഓഫ് മ്യൂസിക് സിക്സ്ത്ത് ഗ്രേഡ് നേടുകയും ചെയ്തു''- ഗീതയുടെ വാക്കുകൾ അഭിമാനപൂരിതമായി.

സായന്തനയും സംഭാഷണത്തിൽ പങ്കു കൊണ്ടു- '''ഓരോ സ്കൂൾ വർഷം തുടങ്ങുമ്പോഴും അമ്മയുടെ പ്ലാനിംഗും ഒപ്പം തുടങ്ങും. പുതുമയാർന്ന നൃത്തച്ചുവടുകളുമായുള്ള തയ്യാറെടുപ്പുകൾ. അമ്മ ഓരോ ചുവടും ഉറപ്പിച്ചു മുന്നോട്ടു പോവുമ്പോൾ തമാശയും പിണക്കവും ഇണക്കവുമായി ഞങ്ങളുടെ പ്ലാനുകളും പൂവണിയും. ഓരോ സ്റ്റേജിലും നില്ക്കുമ്പോഴാണ് അമ്മയുടെ സഹനത്തിന്റെ, കരുതലിന്റെ മാറ്ററിയുന്നത്. ഏതു വിഷയവും ഉള്ളു തുറന്നു സംസാരിക്കാനും ആഴത്തിൽ ഗ്രഹിക്കാനും മനസ്സിലാക്കിത്തരാനുമുള്ള ചങ്ങാതിയാണെന്റെ
അമ്മ''- വനിതാദിനത്തിൽ അമ്മക്ക് നല്കാനുള്ള സ്നേഹം സായന്തനയുടെ വാക്കുകളിൽ തുടിച്ചു നിന്നു . രാജഗിരി പബ്ലിക് സ്കൂളിന്റെ അഭിമാന താരമാണ് സായന്തന.

''ഓരോ സ്ഥലത്തും ഈ കുഞ്ഞിനേയും കൊണ്ടെത്തുവാൻ ഞാൻ ഡ്രൈെവിംഗ് പഠിച്ചു. പാർക്കിംഗ് സ്പേസുകൾ കിട്ടാതെ പകച്ചു നിന്നിട്ടുണ്ട്, ഞങ്ങൾ! അങ്ങിനെ ഓടിയോടി ഞങ്ങൾ രണ്ടാളും വളർന്നു'' - മകളുടെ വാക്കുകൾക്ക് ഗീത അടിവരയിട്ടു.

ടാലന്റഡ് ബാങ്കേഴ്സ് കഴിഞ്ഞ കാലത്ത് സംഘടിപ്പിച്ച എല്ലാ മീറ്റുകളിലും സംഘനൃത്തങ്ങളുമായി ഗീതാബിയും സംഘവും അണി ചേർന്നിരുന്നു.

കോഴിക്കോട് മീറ്റിനു വേണ്ടിയുള്ള തയ്യാറെടുപ്പിലാണേവരുമിപ്പോൾ.

ടി ബി അവതരിപ്പിച്ച വിർച്ചൽ വേദികളിലെല്ലാം തന്നെ വ്യത്യസ്ത നൃത്താവിഷ്കാരങ്ങളുമായി ഗീതാബിയുടെ സാന്നിദ്ധ്യം നിറവാർന്നിരുന്നു.

പാട്ടിനോടും പാട്ടുകാരോടുമുള്ള ആദരവുകൾ സമർപ്പിക്കുവാൻ സ്വയം കണ്ടെത്തിയ ഒരു ഹോബിയായി ആങ്കറിംഗും ശീലമാക്കി. 2017 മുതൽ വിവിധ വേദികളിൽ ആങ്കറിംഗ് ഏറ്റെടുത്തു.

ഗീതയുടെ സർഗ്ഗ വൈെഭവം പുതുസരണികളിലൂടെ പുഷ്കലമാവുന്നതിന്, പ്രസിദ്ധ കലാവേദിയായ എറണാകുളം ചങ്ങമ്പുഴ പാർക്ക് ഈയടുത്ത കാലത്ത് സാക്ഷിയായി.

2022 ഒക്ടോബറിൽ ''എം.എസ്. ബാബുരാജ്'' ഗാനാർപ്പണമായിരുന്നു, ആദ്യത്തെ സംരംഭം.

''നിറം ചാർത്തും ഓർമ്മകൾ '' എന്ന ഗാനമാലിക സലിൽ ചൗധരിക്കായി സമർപ്പിച്ചു കൊണ്ട് ഈ കഴിഞ്ഞ ഫെബ്രുവരി ഇരുപത്തിയേഴിന് രണ്ടാമത്തെ സംരംഭവും വിജയമായി.

ഗാനങ്ങളുടെ സത്തും കഥാസന്ദർഭങ്ങളും പഠിച്ച് അനുയോജ്യമായ സ്ക്രിപ്റ്റ് തയ്യാറാക്കി അവതരിപ്പിക്കുവാൻ കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യം സംഭാഷണത്തിൽ നിറഞ്ഞു നിന്നു, എറണാകുളത്തെയും സമീപ പ്രദേശങ്ങളിലേയും
ബാങ്കർ ഗായകരെ കൂട്ടിയിണക്കി അവതരിപ്പിക്കപ്പെട്ട ഈ യത്നം പുതുമകളോടെ മുന്നോട്ടു കൊണ്ടു പോകാനുള്ള തയ്യാറെടുപ്പുകളിലാണീ സുഹൃത് സംഘം.

കലാസപര്യയുടെ പുതുസരണികളിലൂടെ മുന്നേറുവാൻ ഗീതാസുധീറിനും കുടുംബത്തിനും ആശംസകൾ നേർന്നു കൊണ്ട്,

ടാലന്റഡ് ബാങ്കേഴ്സ്

---------------------------------------------------------------------------------------------

തയ്യാറാക്കിയത് : ബീ.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

English version: Drisya Saseendran , Union Bank of India, Regional Office, Udupi

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC, പത്തനംതിട്ട

---------------------------------------------------------------------------------------------

On the occasion of Women's Day, let us acquaint you with some one who has been with us since the inception of our group, and all through the milestones of our growth adding grandeur with her dance moves, emblematic of being a multifaceted banker.

Fondly referred to as Geethabi by her friends, let's introduce this week,

Ms Geetha. B
(Geetha Sudhir)
State Bank of India
Kochi Infopark Branch.

She was born to the couple V. K. Bhaskaran- Aniamma.Her father worked with Public Works Department and mother worked as a post mistress. Her brother, Dr. Ajay Kumar is a veterinary Surgeon by profession.

Geetha blissfully continued her conversation appreciative of her parents who discovered her penchant for dancing when she was three to three and a half years old when she was in Peerumedu in Idukki district.

She got trained in dance under the tutelage of Shri Kudamalur Appukuttan Nair, Chellappan Bhavani (Kerala Nadanam) and Kalamandalam Devaki Antharjanam. She was fortunate enough to be able to resume learning dance after marriage, which had been interrupted frequently due to her parents' transfer. She continued learning the art under Kalamandalam Sugandhi and Leena Vishwambharan. Geetha proudly shares the particulars of her artistic journey as a dance student under the tutelage of Mrs. Raji Diju.

Geetha had her education at Baker Memorial Girls' High School at Kottayam which is renowned as the first school for women education, and CMS College, Kottayam, known to be the first college in the country.She majored in Botany.

Her wordings sounded exuberant of being able to be a part of the various dance programs organized by the schools from where she had her education completed.

Geetha shared that she valued encouraging her team mates more than being a participant in the competitions.

She got through the State Bank Recruitment Examination and ventured into banking with her first appointment at the Edayarikapuzha branch of State Bank of Travancore. Thereafter she served at Mangaanam, Kottayam, SME Kalamassery, Edappally, Kakkanad Civil Station and NPOL Thrikakkara branches and is presently working as cash-in-charge at Infopark Branch of State Bank of India at Kochi.

She drew inspiration from her uncles who were bank officers and thats how banking turned out to be a dream job for her since her childhood.Her life partner is also into the same profession. Shri R. Sudhir Das is presently working as Assistant General Manager in the Amaravati Circle Inspection Department of State Bank of India.

Message sent by Shri.Sudhir Das, who has had the opportunity to work in leading centers of the country after the merger of SBT and SBI,reads as follows.

"Work-life balance is a buzzword these days. Geetha's diligent interventions, outlook on life, care and creative capabilities have helped me a lot in my banking career."

The couple has a daughter- Sayanthana Sudhir who had been the topper in AISSCE 12th grade exam and has now been preparing for higher studies after securing 100% marks and scholarship in Psychology.

"How can I refrain myself from imparting the artistic curiosity which I had been gifted by my parents? When I keep up on my daughter's path holding her hands with dancing, drawing and keyboard lessons by her side, I have also been growing along with her.

I danced for her at home and she acquired the skills of drawing and painting on her own.Her passion for music made its way through keyboard and she has been learning it under the tutelage of renowned keyboardist Shri Joy Master (Singer Minmini's husband) .She has to her

credit, sixth grade at the London School of Music.''

Sayanthana too joined in the conversation. “With commencement of every school year, mom's planning and preparations with new dance moves would also start . Our plans blossom amidst all the humor, conflicts and synchronicities between us. Mother's perseverance and care are got to be known on performing on each stage."

"My mom is some one whom I can talk to openly. She can deeply perceive it and has the ability to make me convinced as well .Love for her mother reflected in her words. Sayanthana is a student which Rajagiri Public School is quite proud of.

"I learned to drive to take my daughter to different places. We have been stuck at many places because of not getting parking spaces. That's how we both grew up running" - Geetha underscored her daughter's words.

Geethabi and her team have performed group dances in all the meets organized by Talented Bankers in the recent past. Now everyone's preparation is on for participating in the Kozhikode meet.

All virtual platforms of TB have witnessed the presence of Geethabi. She has been doing anchoring also since 2017 in a bid to pay reverence to music and singers.

Changampuzha Park in Ernakulam has also recently witnessed Geetha's talents. M.S. Baburaj Ganarpanam, which was held in October 2022 was the first venture.

"Niram Chartum Ormakal" paying tribute to Salil Chaudhary, hosted on 27 th February was also a great success.

Geetha is happy about learning the essence and context of the songs and being able to prepare and present a suitable script.
This venture with bankers who are singers also as their members hailing from Ernakulam and nearby locations is all set to embark on a new journey.
Talented Bankers wishes Ms Geetha Sudheer and her family all the best in their future endeavours.